ശ്രീ. സി. എം. സുന്ദരം : പഞ്ചായത്ത് റോഡുകളുടെ കണക്കെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്, അതിന്റെ വിശദവിവരം ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

പരപ്പാറ ഡാമിന്റെ ചോർച്ച

340. [400] ശ്രീ. പി. വിജയദാസ് :
,, രമേശ് ചെന്നിത്തല :
,, എ. സി. ഷൺമുഖദാസ് :
,, തോപ്പിൽ രവി :
,, തെന്നല ജി. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചന പദ്ധതിയുടെ തെന്മലയിലുള്ള പരപ്പാറ ഡാമിന്റെ ചില ഭാഗങ്ങളിൽ ചോർച്ചയുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് ഇതിൻമേൽ അന്വേഷണം നടത്തിയോ ;

(സി) അന്വേഷണത്തിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാം ;

(ഡി) ചോർച്ചയുടെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ,

(എ) ഉണ്ട്.

(ബി, സി) അന്വേഷണം നടത്തി. ചോർച്ച ആശങ്കയ്ക്ക് വക നൽകത്തക്കവണ്ണം വിപുലമല്ല. ഡാമിന്റെ പുറകുവശത്തുകൂടി വെള്ളത്തിന്റെ കിനിവുണ്ടായിട്ടുണ്ട്. ഇത് തടയാൻ ഡാമിലെ വെള്ളം താഴുന്ന മുറയ്ക്ക് ഡാം മേസനറി ഗ്രൗട്ട് ചെയ്യാനും ഡാമിന്റെ മുൻവശം ആവശ്യമുള്ളത്ര ഗണ്ണൈറ് ചെയ്യാനും നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ അണക്കെട്ടുകളുടെ നിർമ്മാണത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള പ്രസിദ്ധർമാരടങ്ങിയ ഡാം റിവ്യൂപാനലിന്റെ മീറ്റിംഗ് ഉടൻതന്നെ വിളിച്ചു കൂട്ടുവാനും ഡാം പരിശോധിച്ചതിനുശേഷം മേൽ നടപടികൾ വേണ്ടിവന്നാൽ സത്വരമായി എടുക്കുവാനും ചീഫ് എൻജിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ സി. ഡബ്ല്യു. പി. സി. ഡയറക്ടേഴ്സും ഇന്ന് എത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വളരെവേഗം നടപടികളെടുക്കുന്നതാണ്.

(ഡി) റബിംഗ് മേസനറി ഡാമുകളിൽ ആദ്യമുറയ്ക്ക് വെള്ളം നിർത്തുമ്പോൾ അൽപ്പമായ ചോർച്ചയോ വെള്ളത്തിന്റെ കിനിവോ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

(ഇ) ഡാമിലെ ഗ്രൗട്ടിംഗും ഗണ്ണൈറ്റിംഗും തീരുന്ന മുറയ്ക്ക് 1985 ഒക്ടോബർ മാസത്തോടുകൂടി ഈ പദ്ധതി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. വിജയദാസ് : സർ, ഇപ്പോൾ കിട്ടിയ അന്വേഷണ റിപ്പോർട്ടനുസരിച്ച് ഈ ചോർച്ചയുടെ പ്രധാന കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ : സർ, ഇപ്പോഴത്തെ കിട്ടിയ അന്വേഷണ റിപ്പോർട്ടനുസരിച്ച് ഇത് ഗ്രൗട്ടിംഗ് കഴിഞ്ഞാൽ തീരാവുന്നതേയുള്ളു.

ശ്രീ. പി. വിജയദാസ് : സർ, ഈ റിപ്പോർട്ടിൽ ചോർച്ചയുടെ കാരണം എന്താണെന്നു പറഞ്ഞിട്ടില്ലേ ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, പ്രത്യേകമായി ഇന്ന കാര്യമെന്ന് പറഞ്ഞിട്ടില്ല. നമ്മുടെ മേസനറി ഡാമുകൾക്ക് സംഭവിക്കാവുന്ന ഒരു തകരാറാണിത്. അതു ഗ്രൗട്ടിംഗോടുകൂടി തീരുമെന്നാണ് കിട്ടിയ റിപ്പോർട്ട്.

ശ്രീ. പി. വിജയദാസ് : സർ, ഈ ഡാമിന്റെ പണിയിൽ സിമന്റും മണലുമൊക്കെ ഉപയോഗിച്ചതിലും കല്ല് കെട്ടിയതിലുമൊക്കെ കൃത്രിമങ്ങൾ കാണിച്ചതുകൊണ്ടും മായം ചേർക്കലുകൾ നടത്തുന്നതുകൊണ്ടും അനധികൃതമായ ഇടപെടലുകൾ ഉണ്ടായതുകൊണ്ടുമാണ് ഈ നിലയിൽ ചോർച്ച ഉണ്ടായതെന്ന് പറയുന്നത് ശരിയാണോ ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, അങ്ങനെ പറയാൻ പാറുകയില്ല. ഈ ഡാമിന്റെ പണി നടക്കുന്ന അവസരത്തിൽ സിമന്റ് വേണ്ടത്ര ഉപയോഗിക്കുന്നില്ലെന്നും സിമന്റ് വെട്ടിപ്പു നടക്കുന്നുവെന്നും കല്ല് വേണ്ടത്ര കഴുകിയല്ല ഉപയോഗിക്കുന്നതെന്നുമൊക്കെ പരാതികൾ കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി അപ്പപ്പോൾ തന്നെ ഡിപ്പാർട്ടുമെന്റൽ എൻക്വയറി നടത്തുകയും സി. ഡി. ഇ. ക്ക് അയച്ചുകൊടുത്തു റിപ്പോർട്ട് വാങ്ങുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, കേന്ദ്രത്തിൽ നിന്നു വിദഗ്ദ്ധൻമാരടങ്ങിയ ഒരു ടീം ഇവിടെ സന്ദർശിക്കും എന്നു പറഞ്ഞു. അവർ എന്നത്തേയ്ക്ക് ഈ സന്ദർശനത്തിന് ഉദ്ദേശിച്ചിട്ടുള്ളത്. അവരോട് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, ഡാം പരിശോധിക്കുന്നതിൽ പ്രസിദ്ധരായ ഡാം റിവ്യൂ പാനലിലെ മൂന്നംഗംഗങ്ങളാണ് അവിടെ വരുന്നത്. അവർ ഇടക്കിടക്ക് ഇവിടെ വന്നു ഡാം പരിശോധിക്കുകയും റിപ്പോർട്ട് തരികയും ചെയ്തിട്ടുണ്ട്. അവരുടെ സജഷൻസ് കാരി ഔട്ട് ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. ഡാം റിവ്യൂ പാനലിലെ അംഗങ്ങളോട് എത്രയും പെട്ടെന്ന് തെൻമല വന്ന് അതിന്റെ കാര്യങ്ങളെക്കുറിച്ച് പഠിക്കുവാനും നിർദ്ദേശങ്ങൾ തരുവാനും ആവശ്യപ്പെട്ടിരിക്കുകയാണ്. അവർ എന്ന് എത്തുമെന്ന് അറിയിച്ചിട്ടില്ല. സെൻട്രൽ വാട്ടർ ആൻഡ് പവർ കമ്മീഷന്റെ ഡയറക്ടർ ഇന്ന് ഡാം സൈറ്റിൽ എത്തുന്നുണ്ട്. അദ്ദേഹം അതു പരിശോധിക്കും എന്നു വിവരം കിട്ടിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, പരിശോധനകൾക്ക് ശേഷം ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥ കൊണ്ടാണ് ഇതുണ്ടായിട്ടുള്ളതെന്ന് തെളിഞ്ഞാൽ ആ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയോ ആലസ്യമോ ജോലി ചെയ്യാനുള്ള കഴിവില്ലായ്മയോ കൊണ്ടാണ് ഇത് സംഭവിച്ചതെന്ന് തെളിഞ്ഞാൽ ആ ഉദ്യോഗസ്ഥൻമാർക്കെതിരെ ശക്തമായ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കഴിഞ്ഞ ദിവസം ഡാം പരിശോധിക്കാൻ ചെന്നപ്പോൾ ഡാമിന്റെ ഡ്രെയിനേജ് ഗ്യാലറിയിൽ പൂർണ്ണമായി വെള്ളം നിറഞ്ഞു നിന്നിരുന്നു. 50 എച്ച്. പി. കപ്പാസിറ്റിയുടെ പമ്പ് വച്ചടിച്ചിട്ടും ആ വെള്ളം ഒരിഞ്ച് പോലും താഴാത്ത സാഹചര്യമാണുള്ളത് ഡാമിന്റെ അടിത്തറയിലുള്ള പാറ ഇരുമ്പ് തുടങ്ങിയവയിൽ നിന്ന് ഒലിച്ചുവരുന്ന വെള്ളം പരിശോധിക്കാനുള്ള 70 ഡ്രെയിനേജ് ഹോളുകളുണ്ട്; ആ 70 ഹോളുകളിൽനിന്ന് വെള്ളം ഇപ്പോൾ പരിശോധിക്കാൻ സാദ്ധ്യമല്ല കാരണം ഡ്രെയിനേജ് ഹോളും പൂർണ്ണമായും മുങ്ങി കഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി എ., ബി, സി, എന്ന ഉത്തരത്തിൽ ആശങ്കയ്ക്ക് കാരണമില്ലെന്നു പറഞ്ഞു. ഡ്രെയിനേജ് ഹോളുകളും പൂർണ്ണമായി മുങ്ങിയിരിക്കുകയും വെള്ളം പരിശോധിക്കാൻ സാധ്യമാകാതിരിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ ഇങ്ങനെയൊരു ഉത്തരം തരാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. ഇതിനെപ്പറ്റി എന്താണ് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത് ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, പി. എ. സി. പോയി പരിശോധിച്ച ദിവസം ഗ്യാലറിയിൽ കുറെ വെള്ളം ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. അതിന് കാരണം അന്ന് പവ്വർ സപ്ലൈ ഇല്ലാതിരുന്നതുകൊണ്ട് ഗ്യാലറിയിൽ കളക്റ്റ് ചെയ്യുന്ന വെള്ളം പുറത്തേക്ക് പമ്പ് ചെയ്ത് വിടാൻ സാദ്ധ്യമായിരുന്നില്ല. അങ്ങനെ വന്നപ്പോൾ വെള്ളം അക്യുമുലേറ്റ് ചെയ്തു. അവർ ചെന്നപ്പോൾ 50 ഹോഴ്സ് പവ്വർ ഉള്ള മോട്ടോർ വച്ച് വെള്ളം അടിക്കുന്നു എന്നു പറഞ്ഞത് ശരിയാണ്. അത് മുടക്കം കൂടാതെ അടിച്ചു എന്നു പറയാൻ സാദ്ധ്യമല്ല. ഡാമിന് രണ്ട് ഡ്രെയിൻ ഗ്യാലറിയുണ്ട്. അവിടെ സബ്മെർജ്ബിൾ പമ്പ് വാങ്ങിക്കൊണ്ടുപോയി അടിച്ചു. ഇന്നലെ വൈകുന്നേരം എനിക്ക് ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടനുസരിച്ച് വെറും ഒമ്പതടി താഴ്ചയിലെ വെള്ളം ഉള്ളു. ബാക്കി വെള്ളം പോയി കഴിഞ്ഞിരിക്കുകയാണ്. ഇന്നുകൊണ്ട് പൂർണ്ണമായും വെള്ളം തീരും, ആശങ്കയ്ക്ക് അടിസ്ഥാനമില്ല. സാധാരണ മേസനറി ഡാമിൽ വരുന്ന ലീക്കേജാണ്, അങ്ങനെ കളക്റ്റ് ചെയ്തതാണ്. ഡാമിന് യാതൊരു ഭീഷണിയുമില്ല, എന്നാണ് പറഞ്ഞിട്ടുള്ളത്. മന്ത്രിമാരല്ലല്ലോ പോയി ഡാം കെട്ടുന്നത്. മന്ത്രിമാർക്ക് നിർദ്ദേശങ്ങൾ കൊടുക്കാനും നടപടികൾ സ്വീകരിക്കാനും അല്ലേ കഴിയൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ ഘട്ടത്തിലും വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, വേൾഡ് ബാങ്ക് ടീമും ഫീൽഡ് സർവ്വേ ഗ്രൂപ്പും ചീഫ് ടെക്നിക്കൽ എക്സാമിനറും ഈ ഡാമിന്റെ പ്രവർത്തനത്തിൽ വരുന്ന ഗുരുതരമായ അപാകതകളെക്കുറിച്ച് പല ഘട്ടങ്ങളിലായി ഗവൺമെന്റിന് റിപ്പോർട്ട് തന്നിട്ടും അതു തിരുത്തുന്നതിനു വേണ്ടി യാതൊരു നടപടിയും എടുത്തില്ല. ഉദാഹരണത്തിന് അവിടത്തെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഡാമിന്റെ ശക്തി പരിശോധിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക അളവിൽ 19 കിലോഗ്രാം പ്രഷറിൽ ഒരു ലിറ്റർ വെള്ളം നിശ്ചിത വ്യാസമുള്ള ഹോളിൽ അടച്ചപ്പോൾ, സാധാരണ രീതിയിൽ 3 മാത്ര മാത്രമേ ഡാം അബ്സോർബ് ചെയ്യാൻ പാടുള്ളൂ, എന്നാൽ അതിനേക്കാൾ ഏഴിരട്ടി അതായത് 21 മാത്ര വെള്ളം ഡാം അബ്സോർബ് ചെയ്തെന്ന് റിപ്പോർട്ട് കൊടുത്തിട്ടും ആ റിപ്പോർട്ട് ഗവൺമെന്റ് ഗൗരവമായി എടുത്തില്ല. ഇപ്പോൾ ഇവിടെ വരാൻ പോകുന്ന അന്വേഷണ കമ്മീഷൻ ഇതിനു മുമ്പ് പല കാലഘട്ടങ്ങളിൽ ഈ ഡാമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വരാണ്. ബന്ധപ്പെട്ടവരെ കൊണ്ട് മാത്രം വീണ്ടും വീണ്ടും അന്വേഷിപ്പിക്കാതെ ഇതുമായി ബന്ധമില്ലാത്ത ആരെക്കൊണ്ടെങ്കിലും അന്വേഷിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന് ധൈര്യമില്ല. 3 മാത്രയ്ക്കു പകരം 2 മാത്ര അബ്സോർബ് ചെയ്തിട്ടും അതു ഗൗരവമായി എടുക്കാതിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, ശ്രീ. ഷൺമുഖദാസ് പറഞ്ഞതുപോലെ ഡാമുകളെ സംബന്ധിച്ച് പരാതികളും കിട്ടിയിട്ടുണ്ട്. 1983-ലെ കേരള ശബ്ദത്തിലും ജനയുഗത്തിലും വന്ന ചില ലേഖനങ്ങളും എന്റെ ശ്രദ്ധയിൽ പെട്ടപ്പോൾ അതൊരു പ്രത്യേകം നോട്ടായിട്ട് ഞാൻ തന്നെ അയച്ചു. It has come to my notice that certain serious defects/irregularities in the construction of the Kallada Dam have been pointed out in an article of the 'Kerala Sabdam' weekly dated 27-11-1983. Among other things the following defects/irregularities have been high/lighted.

1. Crack in the main Dam. Cement, Masonary works etc. are not of the specified quality ;

2. Leakage in the Inspection Gallery ;

3. Delay in the commissioning of the Dam.

The Chief Technical Examinar will be directed to conduct a personal enquiry into the above defects/irregularities and submit a report within a month positively.

A copy of the weekly is also enclosed herewith. ഞാൻ തന്നെ പ്രത്യേകമായിട്ട് സി. ടി. ഇ. ക്ക് അയച്ചു. അതിന്റെ അടിസ്ഥാനത്തിൽ സി. ടി.ഇ. പലപ്പോഴായി അവിടെ പോയി പരിശോധിച്ചതിന്റെ റിപ്പോർട്ടുകളും ഇവിടെ ഉണ്ട്. അതുപ്രകാരം ഡാമിൽ ക്രാക്കില്ല. ക്രാക് ഉണ്ട് എന്നു പറയുന്നതു ശരിയല്ല. അതുപോലെതന്നെ മേസനറി വർക്കിനെ സംബന്ധിച്ചിടത്തോളം കപ്പാസിറ്റി മോശമാണ്. അതിന് ചില നിർദ്ദേശങ്ങളൊക്കെ കൊടുത്തു. അതുപോലെ തന്നെ ഡ്രെയിനേജ് ഗാലറിയിൽ ലീക്കേജുണ്ട്. സാധാരണ ഗതിയിൽ ആ ലീക്കേജ് പ്രശ്നം അല്ല എങ്കിലും ഗാലറിയിൽ ലീക്കേജുള്ളതു പ്രത്യേകമായി പരിശോധിക്കണം. ഇങ്ങനെ രണ്ടു മൂന്നു നിർദ്ദേശങ്ങളും സി. ടി. ഇ. ആ റിപ്പോർട്ടിൽ തന്നു. അങ്ങനെ 59 ഹോൾസ് പരിശോധിച്ചു. രണ്ടെണ്ണത്തിൽ 20.68 എന്നുള്ള അളവാണ് കിട്ടിയത്. അത് കുറച്ചു ജാസ്തിയാണ്. ബാക്കി ഒന്നിലും കിട്ടിയില്ല. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ശരിയായി പറയുന്നുണ്ട്. ഡ്രെയിനേജ് ഗാലറിയിലെ ഒരു ഹോളിൽകൂടി വെള്ളം വരുന്നതു തെറ്റാണ്. അതു പ്രത്യേകം പരിശോധിക്കാൻ വേണ്ടി നടപടികളും എടുത്തു, അതിന്റെ പേരിൽ രണ്ടു ഉദ്യോഗസ്ഥൻമാരോട് എക്സ്പ്ലനേഷൻ ചോദിച്ചിട്ട് നടപടികളും എടുത്തു കൊണ്ടിരിക്കുകയാണ്. ഡാം റിവ്യൂ പാനൽ അഞ്ചു് ആറ് പ്രാവശ്യം ഇത് പരിശോധിച്ചിട്ടുണ്ട്. ഈ കഴിഞ്ഞ ജാനുവരിയിലും പരിശോധിച്ചു. അവരുടെയൊക്കെ റിപ്പോർട്ടിൽ വളരെവേഗം ഇത് പ്ലഗ് ചെയ്യണം എന്നു പറഞ്ഞിട്ടുണ്ട്. 1984-ൽ പ്ലഗ് ചെയ്യേണ്ടതായിരുന്നു. 1985-ൽ മൺസൂണിനു മുമ്പെങ്കിലും ഇത് പ്ലഗ് ചെയ്യണം എന്നു പറഞ്ഞ് ഡയറക്ഷൻ തരുകയും ചെയ്തു. റിപ്പോർട്ടുകളും ഇവിടെയുണ്ട്. കാലാകാലമായി റിപ്പോർട്ടുകളും പരിശോധിക്കുകയും സി. ടി. ഇ., ഡാം പാനൽ എഞ്ചിനീയേഴ്സ്, മറ്റ് എക്സ്പർട്ടുകളും, വേൾഡ് ബാങ്കിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ തുടങ്ങിയവർ ഇത് പരിശോധിച്ചു. കഴിഞ്ഞ നിയമസഭയിൽ അവർ മാർച്ച് മാസം തന്ന റിപ്പോർട്ടുകളും അവതരിപ്പിച്ചു. അങ്ങനെ ടെക്നിക്കൽ എക്സ്പർട്സ് മുഴുവൻ പരിശോധിച്ചുതന്ന

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് കഴിഞ്ഞ നിയമസഭയിലും ഇപ്പോഴുമായിട്ട് ഇവിടെ വയ്ക്കുകയാണ്. ആതനുസരിച്ച് അശങ്കയ്ക്ക് വഴിയില്ലന്നാണ് എക്സ്പർട്ട്സ് പറയുന്നത്. ഇനി കൂടുതൽ പരിശോധിയ്ക്കുവാൻ എക്സ്പർട്ട്സിനെ വരുത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അവരുടെ നിർദ്ദേശപ്രകാരം പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹരിയ്ക്കും. ആരെങ്കിലും ഉത്തരവാദിയാണെങ്കിൽ കർശനമായ നടപടികൾ എടുക്കുവാനും ഈ ഗവൺമെൻറ് അറച്ചു നിലയ്ക്കുകയില്ല എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : സർ, ബഹുമാനപ്പെട്ട മന്ത്രി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് വിശദീകരിച്ചു. ഒരു കുഴപ്പവും ഇല്ല. വേംഡ് ബാങ്ക് റഹീമിന്റെ റിപ്പോർട്ടിൽ....

It is necessary to keep a daily record of leakage taking place or that may occur when the reservoir level rises so that a relationship between the head of water and the induced leakage can be established.

Any erratic behaviour of the leakage pattern with respect to the reservoir level will be a signal for taking remedial actions .....

ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടും അതുപോലെ തന്നെ ചോർച്ച ഉണ്ടായത് ഗൗരവത്തോടുകൂടി കണക്കിലെടുക്കണം എന്ന ഡാം റെവ്യു പാനൽന്റെയും വേംഡ് ബാങ്കിന്റെയും നിർദ്ദേശങ്ങളും കണക്കിലെടുത്ത് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരിക്കാനും രണ്ടു റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കാനുമുള്ള സന്നദ്ധതയോ ധൈര്യമോ ഉണ്ടാകുമോ ? അതിനുകൂടി മറുപടി പറഞ്ഞാൽ തരക്കേടില്ല. ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടും വേംഡ് ബാങ്ക് റഹീമിന്റെ റിപ്പോർട്ടും, മേശപ്പുറത്തു വയ്ക്കുമോ ? "It is necessary to keep a daily record of leakage taking place" എന്നാണ് സി. ടി. ഇ. റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ശ്രീ. എം. പി. ഗംഗാധരൻ : സർ, ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ പ്രസക്തമായ ഭാഗം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ പറഞ്ഞു. അതിന് എന്ത് നടപടികൾ എടുത്തു എന്ന് ചോദിച്ചു. അത് ശ്രീ. ബാബുപോൾ, ഫൈനാൻസ് സെക്രട്ടറി സൈൻ ചെയ്തു പി. ഡബ്ല്യു. ഡി. സെക്രട്ടറിയ്ക്ക് അയച്ചു കൊടുത്തു. പി. ഡബ്ല്യു. ഡി. സെക്രട്ടറി സൈൻ ചെയ്തു, പിന്നെ അതു ഫൈനാൻസ് മിനിസ്റ്ററും സൈൻ ചെയ്തു. രണ്ടു റിപ്പോർട്ടുകളും എൻറെടുക്കൽ വന്നപ്പോൾ..... Secretary (Water & Power) may see the reports and put up files on which action is required at Government level—എന്നായിരുന്നു ശുപാർശ.

അത് കഴിഞ്ഞു സെക്രട്ടറി വാട്ടർ ആൻറ് പവ്വർ, സൂപ്രണ്ടിങ്ങ് എഞ്ചിനീയർ മുഖേന പല നടപടികളും എടുത്തു. ഇപ്പോഴും പല നടപടികളും എടുത്തു കൊണ്ടിരിക്കുകയാണ്. അതിൽ സി. ടി. ഇ. യുടെ റിപ്പോർട്ടിനെ സംബന്ധിച്ചു തർക്കമുണ്ടായി. അതിന്റെ സൂപ്രണ്ടിംഗ് ഇഞ്ചിനീയർ അളവെടുത്തതിൽ തർക്കമുണ്ട്, കാൽക്കുലേഷൻ തെറ്റിയിട്ടുണ്ട് എന്നു തർക്കം വന്നു. അങ്ങനെയൊരു അഭിപ്രായവ്യത്യാസം വന്നുവെങ്കിലും അവരുടെ പ്രൈമറി റിക്കോർഡ്സ് പരിശോധിച്ചു. അങ്ങനെ ധാരാളം പ്രൊസീഡിയർ ഉണ്ടായിരുന്നു. അതിനുശേഷം ഇപ്പോൾ നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്. നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സിമന്റിന്റെ കാര്യമിവിടെ പറഞ്ഞു. സിമന്റിന്റെ കാര്യത്തിലും എനിക്കൊരു മെമ്മോറാണ്ഡം കിട്ടി. പത്തനാപുരം കോൺഗ്രസ് കമ്മിറ്റി ഒരു മെമ്മോറാണ്ഡം അയച്ചു. വളരെവേഗത്തിൽ വിജിലൻസിനെക്കൊണ്ടു എൻക്വയറി ചെയ്യിക്കണമെന്ന് പറഞ്ഞു. വിജിലൻസ് വേണ്ട സി. ടി. ഇ. തന്നെ അന്വേഷിച്ചാൽ മതിയെന്ന് അഭിപ്രായമുണ്ടായി. അതിന്റെ റിപ്പോർട്ടും ഇവിടെ വന്നു. ആ റിപ്പോർട്ടിൽ സി. ടി. ഇ. പറയുന്നതു അതിനെക്കുറിച്ചു കണ്ടുപിടിക്കാൻ സാദ്ധ്യമല്ല എന്നാണ്. ഒരു വേഗ് ആയിട്ടുള്ള അലിഗേഷനാണ്. അതുകൊണ്ട് അതിനെപ്പറ്റി തീരുമാനം എടുക്കാൻ കഴിയില്ല എന്നു പറഞ്ഞു. അപ്പോഴും ഏതെല്ലാം സമയങ്ങളിൽ ഡിഫക്ടസ് ഉണ്ടായിട്ടുണ്ടോ അത് നോട്ടു ചെയ്യുകയും കർശനമായ നടപടിയെടുക്കുകയും മറ്റു നിർദ്ദേശങ്ങൾക്കുവേണ്ടി താഴോട്ടു അയയ്ക്കുകയും ഗവൺമെന്റു ലെവലിൽ ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റും ചെയ്തിട്ടുണ്ട്. അതുകൊണ്ട് പ്രതിപക്ഷ നേതാവിന് നോക്കുന്നതിനുവേണ്ടി സി. ടി. ഇ. യുടെ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുന്നതിന് വിരോധമില്ല.

ശ്രീ. വി. സുരേന്ദ്രൻപിള്ള : ലീക്കേജ് ഉണ്ടാകുന്നതിനു മുമ്പായി ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി 85-ൽ ഈ ഡാം കമ്മീഷൻ ചെയ്യും എന്ന്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഈ ഡാമിനകത്തു വെള്ളം നിശ്ശേഷം ചോർന്നുപോയതിനുശേഷം മാത്രമേ ഇനി ഗ്രൗട്ടിങ് നടത്താൻ സാധിക്കുകയുള്ളോ ? അങ്ങനെ ഗ്രൗട്ടിങ് മുഴുവനായി നടത്തി ചോർച്ചയില്ലാ എന്ന് ഉറപ്പാക്കിയതിനുശേഷം എന്നത്തേയ്ക്ക് ഈ ഡാം കമ്മീഷൻ ചെയ്യാൻ പറ്റും എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ? അതുപോലെതന്നെ കൃത്യസമയത്തു ഗ്രൗട്ടിങ് നടത്താത്തുകൊണ്ടാണ് ഈ സീപ്പേജ് ഉണ്ടായതെന്ന് ഒരു ആരോപണം പരക്കെയുണ്ട്. ഡാമിന്റെ പണിയിൽ ഇത്ര മീറ്റർ ഉയരുമ്പോൾ ഗ്രൗട്ടിങ് നടത്തണം എന്ന നിബന്ധന ഉണ്ടായിരുന്നുവോ ? ഉണ്ടായിരുന്നുവെങ്കിൽ കൃത്യമായി ഗ്രൗട്ടിങ് നടത്താത്തത് എന്തെന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. എം. പി. ഗംഗാധരൻ : ഈ ഡാമിന്റെ ഇന്നത്തെ സീപ്പേജ് നിർത്താൻ ഗ്രൗട്ടിങ്, ഗണ്ണറിംഗ് ഇവകൊണ്ടു കഴിയും എന്നാണ് വിദഗ്ധൻമാരുടെ ഉപദേശം. ഇതനുസരിച്ച് ഗണ്ണറിംഗിനുള്ള നടപടിയെടുക്കാൻ വേണ്ടതെന്തെർ വിളിച്ചുകഴിഞ്ഞു, ഗ്രൗട്ടിങ്ങ് കോൺക്രീറ്റിന്റെ ഭാഗമായിട്ടുള്ളതാണ്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ഡാമിലൊരു മൂന്നടികൂടി ഉയർത്തണം എന്ന നിർദ്ദേശം ഉണ്ടായിരുന്നു. അതിന്റെ സ്പിൽവേയിൽ പാലം ഉണ്ടാകണം എന്ന് നിർദ്ദേശിച്ചിരുന്നു. ഇത് രണ്ടും കൂടി കഴിയുമ്പോൾ രണ്ടുമൂന്ന് മാസം കൂടിയെടുക്കും അതിന്റെ പണി പൂർത്തിയാക്കാൻ എന്നാണ് കരുതുന്നത്. അതായത് 1985 ഒക്ടോബറോടുകൂടി അത് പൂർത്തീകരിക്കാൻ കഴിയും എന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. അതുവരെ സമയത്തു ഗ്രൗട്ടിങ്ങ് ചെയ്യാത്തതുകൊണ്ടല്ലേ ഇതു സംഭവിച്ചത് എന്ന് ചോദിച്ചു. സഭയെ ഞാൻ അറിയിക്കുകയാണ് പഴയ കാലങ്ങളിൽ പലരും ഇത് കോൺട്രാക്ട് എടുത്തു നടത്തിയിട്ടുണ്ട്. വർഷങ്ങളായി നടക്കുന്ന ഒരു പദ്ധതിയാണിത്. പ്രത്യേകിച്ചു ഗാലറിയുടെ ഭാഗവും പെൻസ്റ്റോക്കിന്റെ ഭാഗവും ഈ ഗവൺമെന്റു വരുന്നതിനുമുൻപ് പണിതതാണ്. ആ ഭാഗത്താണ് അധികമായ ലീക്കേജുള്ളത്. ആ ലീക്കുകൾക്കു അതാതു സമയത്തു തന്നെ ഗ്രൗട്ടിങ്ങ് നടത്തിയിരുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ ഗ്രൗട്ടിങ്ങ് നടത്തിയിട്ടില്ലാ എന്ന് റിപ്പോർട്ടു പരിശോധിച്ചപ്പോൾ മനസിലാക്കാൻ സാധിച്ചു. അതുകൊണ്ടാണെങ്കിൽ അതിനുത്തരവാദികളായ ആളുകളുടെ പേരിൽ നടപടിയെടുക്കുവാൻ ഈ ഗവൺമെന്റു തയ്യാറായിരിക്കും. അതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിദഗ്ദ്ധ പരിശോധനയ്ക്കുശേഷം ഡാം റിവ്യൂ പാനലിന്റെ പരിശോധനയ്ക്കു ശേഷം, വാട്ടർ ആൻറ് പവ്വർ കമ്മീഷന്റെ പരിശോധനയ്ക്കുശേഷം അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഡാമിന്റെ കൺസ്ട്രക്ഷനിൽ കോൺട്രാക്ടറുമായിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥയനുസരിച്ച് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നത് ഗാങ്ങ്വേ വഴി വേണമെന്നൊരു വ്യക്തമായ വ്യവസ്ഥയുണ്ടായിരുന്നു. അത് പാലിക്കാതെ ഇത് സെറ്റു ചെയ്യുന്നതിന് മുമ്പ് കോൺട്രാക്ടർമാർ ലോറിയിൽ ലോഡ്ചെയ്ത് ഡാമിനുമുകളിൽ കൂടി കൊണ്ടുപോയിട്ടുണ്ടെന്ന സ്പെസഫിക്കായ ഒരു ആരോപണമുണ്ട്. അത് നമ്മുടെ സി. റ്റി. ഇ. നേരിട്ട് കണ്ട് റിപ്പോർട്ടു ചെയ്യുകയും അതിന്റെ റസ്പോൺസിബിലിറ്റി ഫിക്സു ചെയ്ത് നടപടിയെടുക്കണമെന്ന് റിപ്പോർട്ടിൽ ആവശ്യപ്പെടുകയും ചെയ്തു. അതിനെതിരായി യാതൊരു നടപടിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരായി സ്വീകരിച്ചിട്ടില്ലായെന്നു മാത്രമല്ല, അദ്ദേഹത്തെ അവിടെ നിന്നും മാറ്റി അടൂർ എക്സിക്യൂട്ടീവ് ഡിവിഷനിൽ ആക്കിയിരിക്കുകയാണെന്നുള്ള വസ്തുത ശരിയാണോ ? എന്തുകൊണ്ടാണ് സ്പെസിഫിക് അലിഗേഷൻ റെയ്സ് ചെയ്തിട്ടും കേസിൽ നടപടിയെടുക്കാത്തതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : ഡാമിന്റെ മുകളിൽ കൂടി വാഹനങ്ങൾ സാധനസാമഗ്രികളുമായി കൊണ്ടുപോകരുതെന്ന് നിബന്ധനയുണ്ടായിരുന്നുവെങ്കിലും ഈ ഡാമിന്റെ കൺസ്ട്രക്ഷനിൽ അതാതു കാലഘട്ടങ്ങളിലെ കോൺട്രാക്ടർമാരൊക്കെ ഇതു ചെയ്തിരുന്നു.

അത് ചെയ്യാൻ പാടില്ലായെന്നുള്ള നിബന്ധനയുണ്ടായിട്ടുപോലും ചെയ്തതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് പറഞ്ഞ് ഒരു അലിഗേഷൻ വന്നതു ശരിയാണ്. അത് സി. റ്റി. ഇ. യ്ക്ക് അയച്ചുകൊടുത്ത പരിശോധനയ്ക്കുശേഷം വന്ന റിപ്പോർട്ടിൽ ലോറിയിൽ ലോഡു കയറ്റിക്കൊണ്ടുപോകുന്നത് അദ്ദേഹം കണ്ടിട്ടുണ്ടെന്നും ആ നടപടി നിറുത്തലാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതേ സമയത്ത് അവിടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ ഒരു കാളിറ്റി കൺട്രോൾ പ്രവർത്തിക്കുന്നുണ്ട്. അവരുടെ അഭിപ്രായപ്രകാരം ഇത് സെറ്റ്ചെയ്തുകഴിഞ്ഞാൽ ഡാമിന്റെ മുകളിൽക്കൂടി ലോറികൾക്ക് പോകുന്നതിന് വിരോധമില്ല. ഡാമിന്റെ മുകളിൽക്കൂടികൊണ്ടുപോകാനുള്ള പ്രൊവിഷനുണ്ട്. പക്ഷേ സെറ്റ്ചെയ്തു കഴിഞ്ഞതിനുശേഷം കൊണ്ടുപോകാനാണ് നിർദ്ദേശം കൊടുത്തിട്ടുള്ളതെന്ന് അറിയുന്നു. എന്തായാലും ഇത് ശ്രദ്ധയിൽ പെട്ടപ്പോൾ ഗവൺമെൻറ് സി. റ്റി. ഇ. യുടെ റിപ്പോർട്ടുപ്രകാരം മേലിൽ ചെയ്യരുതെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ട്രാൻസ്ഫറിന്റെ കാര്യവും ഇതുമായിട്ട് യാതൊരു ബന്ധവുമില്ല. അതിനെക്കുറിച്ച് ഞാനന്വേഷിക്കാം.

ശ്രീ. പി. പി. തങ്കച്ചൻ : സീപ്പേജ് ഉണ്ടെന്നു പറയുന്ന ഭാഗം ഈ ഡാമിന്റെ അടിഭാഗത്താണോ മുകൾഭാഗത്താണോ ഏത് കാലഘട്ടത്തിലാണ് ഈ ഭാഗങ്ങൾ തീർത്തതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. പി. ഗംഗാധരൻ : റിപ്പോർട്ടുപ്രകാരം സീപ്പേജ് കാണുന്നത്, അധികവും ബ്ലോക്കുകളായിട്ടാണ്. 285 അടി താഴ്ചയിൽ, 310 അടി, 295 അടി അങ്ങനെ ആവറേജ് 270-300 അടി താഴ്ചയിൽ ആണ് സീപ്പേജ് കാണപ്പെടുന്നത്. ഇതൊക്കെ ഈ ഗവൺമെൻറ് വരുന്നതിനു മുമ്പ് പഴയ കാലങ്ങളിലെ കോൺട്രാക്ടർമാർ പ്രവർത്തനം നടത്തിയിരുന്ന കാലഘട്ടങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : ബഹുമാനപ്പെട്ട മന്ത്രി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞു. വേംഡ് ബാങ്കിന്റെ റിവ്യൂ റിപ്പോർട്ടും ഡാം റിവ്യൂ പാനലിന്റെ റിപ്പോർട്ടും കൂടി അതിന്റെ കൂട്ടത്തിൽ മേശപ്പുറത്ത് വയ്ക്കുമോ ?. അതിനെ സംബന്ധിച്ചിടത്തോളം കൃത്രിമങ്ങൾ പറഞ്ഞിട്ടില്ലേ ? അതുപോലെ കാളിറന്റി കൺട്രോളിന്റെ അധീനത്തെ ചാർജ് ചീഫ് എഞ്ചിനീയർക്കല്ലേ ? എക്സിക്യൂട്ടീവ് അധികാരവും ജുഡീഷ്യൽ അധികാരവും കൂടി ഒരേ ആളിന് കൊടുക്കുന്ന ബ്രിട്ടീഷ് സമ്പ്രദായം പോലെ പാളിറന്റി കൺട്രോളർ അവിടെ ചാർജുള്ള പ്രോജക്ട് ചീഫ് എഞ്ചിനീയറുടെ കീഴിലല്ലേ ? അത് അഴിമതി നടക്കാൻ കൂടുതൽ കാരണമാവില്ലേ ?

ശ്രീ. എം. പി. ഗംഗാധരൻ : വേംഡ് ബാങ്കിന്റെ റിപ്പോർട്ട് നമ്മുടെ കൈയിലില്ല. ഡാം റെവ്യൂ പാനലിന്റെ റിപ്പോർട്ടും സി. റ്റി. ഇ. പരിശോധിച്ച റിപ്പോർട്ടും മേശപ്പുറത്തു വയ്ക്കാൻ യാതൊരു വിസമ്മതവുമില്ല. പിന്നെ കാളിറന്റി പരിശോധിക്കാനൊരു എക്സിക്യൂട്ടീവ് എഞ്ചിനീയറുമുണ്ട്. അവർ അതാതു സമയത്ത് കാളിറന്റി പരിശോധിക്കുന്നുണ്ട്. എന്നിട്ടാണ് നടപടികൾ സ്വീകരിക്കുന്നത് എന്നാണ് ഇവിടെ കിടുന്ന റിപ്പോർട്ട്. അതിനെതിരായി അലിഗേഷൻ വരുമ്പോൾ സെപ്പറേറ്റായിട്ട് അന്വേഷിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇത്തരം ഡാമുകളിൽ ചെറിയ ചോർച്ച സാധാരണമാണെന്നും അത് വലിയ അപകടങ്ങൾക്കോ ആശങ്കയ്ക്കോ അവകാശമില്ലെന്നും ഇവിടെ പറഞ്ഞു. അതുപോലുള്ള മറ്റ് മേസനറി ഡാമുകളുമായിട്ട് താരതമ്യപ്പെടുത്തുമ്പോൾ പറപ്പാറ ഡാമിന്റെ ചോർച്ച അൽപ്പം അസാധാരണമാണെന്നും ലേമെൻസ് പോയിന്റ് ഓഫ് റിവ്യൂവിൽപോലും പറയുന്നത് സത്യമാണോ എന്നും വ്യക്തമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : എനിക്ക് കിട്ടിയ വിവരമനുസരിച്ച് മേസനറി ഡാം പൂർത്തിയായി റിസർവോയറിൽ വെള്ളം വരുമ്പോൾ വെള്ളത്തിന്റെ പ്രഷറനുസരിച്ച് പല ഡാമുകളിലും സീപ്പേജ് കാണുന്നുണ്ട്. ഇപ്പോൾ ഇലക്ട്രിസിറ്റിബോർഡ് പവ്വറുണ്ടാക്കുന്ന പമ്പാഡാമിലും, ഷോളയാർ ഡാമിലും ഇതുപോലുള്ള സീപ്പേജ് ഉണ്ടായിട്ടുണ്ട്. അതുപോലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിലും ശ്രീ. നായനാർ ഉദ്ഘാടനം ചെയ്ത കാഞ്ഞിരപ്പുഴ ഡാമിലുമൊക്കെ ലീക്കുണ്ടായിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി മെമ്പറൻമാരിൽ പലരും അന്ന് പോയി പരിശോധിച്ചതാണ്. വർഷങ്ങൾ കൊണ്ടാണ് അത് തീർന്നത്. അങ്ങനെ മേസനറി ഡാമുകളിൽ ഇത് പലപ്പോഴും ഉണ്ടാകാറുണ്ട്. അതിനെക്കുറിച്ച് പരിശോധിച്ച് പരിഹാരമാർഗങ്ങൾ നടത്തുകയായിരുന്നു. ഭയങ്കരചോർച്ചമൂലം ഗ്യാലറി മുഴുവനും വെള്ളമായിരുന്നു. അങ്ങനെ ഉണ്ടാകുമ്പോൾ ഗ്രൗട്ടിങ് ഗണ്ണറിംങ് തുടങ്ങിയ നടപടികൾ സ്വീകരിച്ച് അത് പരിഹരിക്കുകയാണ് ചെയ്യാറുള്ളത്. പറപ്പാറ ഡാമിനെ സംബന്ധിച്ചിടത്തോളം വളരെ അസാധാരണമായ ചോർച്ച ഉണ്ടെന്ന് ആരും റിപ്പോർട്ട് ചെയ്തിരുന്നില്ല. ഉണ്ടോ ഇല്ലയോയെന്ന് പരിശോധിക്കാനാണ് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ അയയ്ക്കുന്നത്.

ശ്രീമതി. കെ. ആർ. ഗൗരി : സർ, ഈ ഡാമിന്റെ നിർമ്മാണപ്രവർത്തനത്തിൽ അപാകതകൾ ഉണ്ടെന്നും ഗ്യാലറിയിൽ വെള്ളം വളരെ താഴ്ന്നുനിൽക്കുമ്പോൾതന്നെ അതിന്റെ ഫൗണ്ടേഷനിൽ ലീക്കേജ് ഉണ്ടെന്നും അതിന് ഉടൻതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കാണണമെന്നും പറഞ്ഞ് ഗവൺമെൻറിലേക്ക് കഴിഞ്ഞ മേയ് മാസത്തിൽ ഒരു റിപ്പോർട്ട് വന്നിരുന്നു. ആ ലീക്കേജ് ശരിയാക്കി അതിനുവേണ്ട നടപടിയെടുക്കണമെന്ന് പറഞ്ഞിട്ട് ഗവൺമെൻറ് എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : വേംഡ് ബാങ്ക് റഹീമിൻെറയും സി. ഡബ്ലി. ഇ. യുടെയും പരിശോധനയിൽ ഡ്രെയിനേജിൽ ഒരു ഹോളിനെ സംബന്ധിച്ച് സീപ്പേജുണ്ടെന്ന പരാമർശമുണ്ട്. അത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. അതു പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഡമേിൻെറ ഫൗണ്ടേഷൻ എത്രയോ കൊല്ലങ്ങൾക്കു മുമ്പുണ്ടാക്കിയതാണ്. അതിനുശേഷം ഡ്രെയിനേജ് ലെവലിലും ഗ്യാലറി ലെവലിലും അതു കഴിഞ്ഞ് മുന്നൂറടിയോളം എത്തിയത് ആണ്. അത് ഈ ഗവൺമെൻറ് വരുന്നതിനുമുമ്പാണ്. ആ കാലഘട്ടങ്ങളിലൊക്കെ അപ്പപ്പോൾ കിട്ടുന്ന റിപ്പോർട്ടനുസരിച്ച് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും പഴയ കാലങ്ങൾ മുതൽക്കേ ഇങ്ങോട്ടുവരെയുള്ള ഈ ഡാമിൻെറ പ്രവർത്തനങ്ങളിലുള്ള ഇറെഗുലാരിറ്റിയെക്കുറിച്ച് എനിക്ക് നേരിട്ട് പല മെമ്മോറാണ്ടങ്ങളും കിട്ടിയിട്ടുണ്ട്. സി. ഡബ്ലി. ഇ. മുതൽ വേംഡ് ബാങ്ക്, ഡാം റിവ്യൂ പാനൽ വരെയുള്ള എല്ലാ ഉദ്യോഗസ്ഥൻമാരെക്കൊണ്ടും അതാതു കാലങ്ങളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഡാം റിവ്യൂ പാനൽതന്നെ എത്രയോ പ്രാവശ്യം പരിശോധനകൾ നടത്തിയിട്ടുണ്ട്. 1982-85 വരെയുള്ള കാലഘട്ടങ്ങളിൽ ഏഴോ, എട്ടോ പ്രാവശ്യം പരിശോധിച്ചിട്ടുണ്ട്. വേംഡ് ബാങ്കിൻെറ ഉദ്യോഗസ്ഥൻമാർ വന്ന് പരിശോധന നടത്തുന്നുണ്ട്; ഇതല്ലാതെ എന്താണ് ചെയ്യുക ? എക്സ്പെർട്ട്സ് വന്ന് അതാതു കാലങ്ങളിൽ പരിശോധിക്കുകയും ഓരോ ഡിവിഷനിലെയും ക്വാളിറ്റിയും കൺസ്ട്രക്ഷനും പരിശോധിക്കാൻ ചുമതലപ്പെട്ടവരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. വല്ല ഇറെഗുലാരിറ്റികളുണ്ടെങ്കിൽ അതാതു സമയത്ത് പോയിൻറ് ഔട്ട് ചെയ്യുകയും അത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. വേംഡ് ബാങ്കിൻെറയും മറ്റും റിപ്പോർട്ടനുസരിച്ച് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. ബേബിജോൺ : സർ, വേംഡ് ബാങ്കിൻെറ ഒരു ചീഫ് എഞ്ചിനീയർ കല്ലട പ്രോജക്ടിൻെറ പ്രവർത്തനത്തിലുണ്ട്, അദ്ദേഹത്തിന് ക്വാളിറ്റി കൺട്രോളുമായി നേരിട്ട് ബന്ധമൊന്നുമില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാലാകാലങ്ങളിൽ കിട്ടുന്ന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ അദ്ദേഹം റിവ്യൂ നടത്തുകയും ചില നിർദ്ദേശങ്ങൾ കൊടുക്കുകയും ഇതിൻെറ ക്ലാരിഫിക്കേഷൻ ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു. ഞങ്ങൾ മനസിലാക്കുന്നത് അങ്ങനെ മൂന്നുപ്രാവശ്യം ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടിട്ട് ഇതുവരെ അതിനൊരു മറുപടി ഉദ്യോഗസ്ഥൻമാർ കൊടുത്തിട്ടില്ലായെന്നുമാണ്. അങ്ങു പറഞ്ഞു വെള്ളം വറ്റിത്തുടങ്ങി എന്ന്. അത് വിശ്വസിക്കാൻ തയ്യാറാണ്. ആരെയും കുറ്റം പറയുന്നില്ല. എന്നാൽ ഇപ്പോൾ കേൾക്കുന്നത്, പ്ലഗ്ഗു ചെയ്യാനായി വെള്ളം വറ്റിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും അത് പൂർണ്ണമായും വറ്റില്ലായെന്നുമാണ്. ഞാനൊരു സാങ്കേതിക വിദഗ്ധനൊന്നുമല്ല. ആരെയും കുറ്റപ്പെടുത്താനുമല്ല. രണ്ട് കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ഒന്ന് കുഴപ്പങ്ങളെല്ലാം പരിഹരിക്കുകയും, രണ്ട് ഇതിനെക്കുറിച്ച് എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വിശദമായി അറിയുകയും വേണം. അതുകൊണ്ട് ടെക്നിക്കൽ എക്സ്പെർട്ട്സിൻെറ അന്വേഷണത്തോടൊപ്പംതന്നെ ഒരു ജുഡീഷ്യൽ അന്വേഷണം കൂടി നടത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ : സർ, വേൾഡ് ബാങ്കിന്റെ ഒരു ചീഫ് എഞ്ചിനീയർ ഇവിടെ ഇല്ല. പക്ഷേ വേൾഡ് ബാങ്കിന്റെ കീഴിലുള്ള ഈ സ്ഥാപനത്തെ അല്ലെങ്കിൽ ഈ ബാങ്കിന്റെ നിർമ്മാണ പ്രവർത്തനത്തെ സഹായിക്കാൻ വേണ്ടി ഒരു സ്പെഷ്യൽ ആഫീസറാണ് ഇവിടെ ചീഫ് എഞ്ചിനീയറുടെ പദവിയിൽ ഉള്ളത്.

.....(ബഹളം).....

വേൾഡ് ബാങ്കിന്റെ ചീഫ് എഞ്ചിനീയറല്ല. നമ്മുടെ ചീഫ് എഞ്ചിനീയറെ ഇക്കാര്യത്തിൽ വേൾഡ് ബാങ്കിന്റെ അസിസ്റ്റൻസിനുവേണ്ടി നമ്മൾ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ക്വാളിറ്റിയെ സംബന്ധിച്ചിടത്തോളം നോക്കാൻ ഒരു ഡിവിഷനുണ്ട്, ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുണ്ട്. അതാതു കാലങ്ങളിൽ ക്വാളിറ്റി നോക്കുകയും ആ ക്വാളിറ്റി ശരിയാണോ അല്ലയോ എന്ന് നിർദ്ദേശങ്ങൾ കൊടുക്കുകയും ഒക്കെ ചെയ്യുന്നത് ആ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കർത്തവ്യമാണ്. അദ്ദേഹം അത് ചെയ്തു വരുന്നുണ്ട്. അവരുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന അപാകതകൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ ലഭിക്കുന്നതിനുമൊക്കെയാണ് ഉന്നത നിലവാരമുള്ള ഉദ്യോഗസ്ഥൻമാരെ അയയ്ക്കുന്നത്. ഇവിടെ ശ്രീ. ബേബിജോൺ, ഉന്നത അധികാരത്തിലുള്ള ആളുകൾ പോകുന്നതിനോടൊപ്പം ഒരു ജുഡീഷ്യൽ അന്വേഷണവും വേണമെന്നു പറഞ്ഞു. അതിൽ വലിയ അപാകതകൾ ഇല്ല. വലിയ അപകട ഭീഷണിയില്ല എന്നാണ് ഇന്നുവരെ കിട്ടിയ നമ്മുടെ എസ്.ക്.പോർട്ട്സിന്റെ ഒപ്പിനിയൻ. അതു കൂടാതെ ഇതിൽ വല്ല ഇറെഗുലാരിറ്റിയുമുണ്ടോ ? ഉണ്ടെങ്കിൽ പരിഹരിക്കാൻ ഒക്കുമോ എന്നു നോക്കുവാൻ ഇൻഡിപെൻഡന്റ് എക്സ്പോർട്സായ മൂന്നു പേരെ ഇങ്ങോട്ട് അയയ്ക്കുന്നു. സെൻട്രൽ വാട്ടർ ആൻഡ് പവ്വർ കമ്മീഷന്റെ ആളുകൾ ഇന്നു പോകുന്നു. അവരുടെ എല്ലാം നിർദ്ദേശങ്ങൾ-ആഫ്റർ ഇൻസ്പെക്ഷൻ-എടുത്തുകൊണ്ട് ഉചിതമായ നടപടികളെടുക്കും എന്ന് ഞാൻ പറഞ്ഞു. അതിന്റെയിടയിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് പ്രസക്തിയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, അവിടെയുള്ള ഉദ്യോഗസ്ഥൻമാരുടെയൊക്കെ റിപ്പോർട്ടുകൾ അനുസരിച്ച് ഡാം വളരെ സുരക്ഷിതമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഇവിടെ ഇത് പരിശോധിക്കുന്നതിനുള്ള പല സംവിധാനങ്ങളുമുണ്ട്. ഇത് വളരെ പ്രധാനമായിട്ടുള്ളതാണ്, ചീഫ് ടെക്നിക്കൽ എക്സാമിനർ ഫിനാൻസ് വിംഗിന്റെ കീഴിലാണ്. ആ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മൂന്നു റിപ്പോർട്ടിലും ഇതിന്റെ ക്വാളിറ്റി മോശമാണെന്നും അതുപോലെ തന്നെ കോൺട്രാക്ടറ് വ്യവസ്ഥയ്ക്ക് വിരുദ്ധമായി ലോറി കൊണ്ടു പോകുന്നതിന്റെയൊക്കെ റിപ്പോർട്ടും ചെയ്തിട്ടുള്ളതാണ്. അതിൻമേൽ യാതൊരു നടപടിയും എടുത്തിട്ടില്ല. ഇതിനു മുമ്പ് ഉണ്ടായിരുന്ന ചീഫ് എഞ്ചിനീയർ തന്നെ സിമന്റിന്റെ കൂട്ട് മോശമായതിനെത്തുടർന്ന് ക്വാളിറ്റി കൺട്രോളർ എന്നു പറയുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കണമെന്ന് പറഞ്ഞ ഗവൺമെന്റിന് റിപ്പോർട്ടു കൊടുത്തിട്ട് ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മേസൺറി ഡാമിന്റെ 10-10 മീറ്റർ ഗ്രൗട്ടിംഗ് നടത്തിയിട്ടാണ് മുകളിലോട്ട് കെട്ടുന്നത്. 50 മീറ്റർ വരെ ഗ്രൗട്ടിംഗ് റഗുലറായിട്ട് നടത്തിക്കൊണ്ടുരുന്നു. അതിനു ശേഷമുള്ള മേലോട്ടുള്ള വർക്കിൽ ഗ്രൗട്ടിംഗ് നടത്തിയിട്ടേ ഇല്ല. അത് സുരക്ഷിതമാക്കുന്നതിനു മുമ്പ് ആഗസ്റ്റിൽ ഉൽഘാടനം ചെയ്യാൻ തീരുമാനിച്ച് വെള്ളം നിറച്ച് ഉണ്ടാക്കിയ അപകടമാണ്. അങ്ങനെ ധൃതിപിടിച്ച് ഇതൊന്നു പരിശോധിക്കാതെയാണ് ഇവിടെയുള്ള ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടു വരുന്നത്. അതുകൊണ്ടാണ് പറയുന്നത് മന്ത്രി ആ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുകയാണെങ്കിൽ പരിശോധിക്കാമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ കൺട്രോൾ ചെയ്തിരുന്ന ചീഫ് എഞ്ചിനിയറായാലും. ഇവരുടെ എല്ലാക്കെ റിപ്പോർട്ടനുസരിച്ച് വളരെയധികം ക്രമക്കേടുകൾ നടന്നിട്ടുള്ളതിൽ നിന്നും ഇത് സേഫല്ല എന്നുള്ളതാണ് മനസ്സിലാകുന്നത്. എന്നിട്ട് അതിലൊന്നും യാതൊരു നടപടിയും എടുത്തിട്ടില്ല. എന്തുകൊണ്ടാണ് റിപ്പോർട്ട് കിട്ടിയിട്ട് യഥാവസരത്തിൽ നടപടി എടുക്കാതിരുന്നത് ? ഇപ്പോൾ ചോർച്ച വന്നപ്പോൾ നടപടിക്ക് ആലോചിക്കുന്നു എന്നാണ് പറഞ്ഞത് എന്തുകൊണ്ട് ഇതുവരെ നടപടി എടുത്തില്ല ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, ഇവിടെ പരാമർശിച്ച ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് 1983-ന് ശേഷമുള്ളതാണ്. നിർഭാഗ്യത്തിന് ഇവിടെ ചോർച്ച വന്നത് ഇപ്പോഴത്തെ കൺസ്ട്രക്ഷൻ കൊണ്ടല്ല. ഞാൻ എനിക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് പറയുകയാണ്. എന്നാലും സി.ടി.ഇ.യുടെ റിപ്പോർട്ട് പരിശോധിച്ച് അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടിയെടുക്കണമെന്നു കാണിച്ച് ഞാൻ സെക്രട്ടറിക്കയച്ചു: സെക്രട്ടറി അത് ചീഫ് എഞ്ചിനീയർക്കയച്ചു, നടപടികൾ എടുത്തുകൊണ്ടു വരികയാണ്. അവർക്ക് ചാർജ് ഷീറ്റ് കൊടുത്തു. ചാർജ് മെമ്മോ കൊടുത്തു. എക്സ്പ്ലനേഷൽ ചോദിച്ചിരിക്കുകയാണ്. ഓരോ ഘട്ടങ്ങളിലായി നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വാസുദേവമേനോൻ : സർ, നമ്മുടെ സംസ്ഥാനത്തിനാകെ ഉൽക്കണ്ഠയുള്ള കാര്യമായതുകൊണ്ട് മാത്രമല്ല, ഇതിൽ സി. ടി. ഇ. യുടെ റിപ്പോർട്ടും അതുപോലെതന്നെ വേൾഡ് ബാങ്കിലെ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടും, ബഹുമാനപ്പെട്ട മന്ത്രി പറയുന്ന ഡാം റിവ്യൂ പാനലിന്റെ റിപ്പോർട്ടും (കൺസ്ട്രക്ഷൻ ആരംഭിക്കുന്ന കാലത്തു ഉള്ളതാണ്.) ഉണ്ടായിരുന്നിട്ടും വളരെ അസാധാരണമായ നിലയിൽ ലീക്കേജ് ഉണ്ടായി. പമ്പിക്കുളം, മലമ്പുഴ ഇവിടെയെല്ലാം തന്നെ ഇൻസ്പെക്ഷൻ ഗ്യാലറിയുണ്ട് അവിടെയൊന്നും തന്നെ മോട്ടോർ വർക്ക് ചെയ്യിച്ച് വെള്ളം പുറത്തേക്ക് പമ്പു ചെയ്യുന്ന ഏർപ്പാടില്ല. എന്നു മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട ആർ.എസ്. ഉണ്ണി പറഞ്ഞതുപോലെ 40 ദിവസം കഴിഞ്ഞാലെ കാൺക്രീറ് സെറ്റു ചെയ്യുകയുള്ളു. എന്നാൽ അത് 9 ദിവസം കഴിഞ്ഞതിനുശേഷം ഇതിന്റെ പുറത്ത് കൂടി ലോറി കൊണ്ടുപോയി അതിൽ അപാകതകൾ ഉണ്ടായിരിക്കാം എന്നുള്ളതുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും എല്ലാം ഇതിന് ഉത്തരവാദികളാണെന്നു പറയുന്നതുകൊണ്ടും അതിന്റെ അപാകതകളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് എന്താണ് വൈമനസ്യം ?

ശ്രീ. എം. പി. ഗംഗാധരൻ : സർ, ഇതിൽ വലിയ ആശങ്കയ്ക്ക് വഴിയില്ല. വലിയ ഭീഷണിയൊന്നും മേസൺറി ഡാമിനെ സംബന്ധിച്ച് ഇല്ലായെന്ന് ഞാൻ നിയമസഭയെ അറിയിച്ചു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനാർത്ഥം കണ്ടുപിടിച്ച ഇറെഗുലാരിറ്റീസിനെ സംബന്ധിച്ച് നടപടികളെടുത്തിട്ടുണ്ടെന്നും ഞാൻ ഇവിടെ സൂചിപ്പിച്ചു. പിന്നെ ഡാം റിവ്യൂ പാനലിനെ കൂടാതെ—അവരാണ് ഇൻഡർനാഷണൽ എക്സ്പെർട്ട്സ്—സെൻട്രൽ വാട്ടർ ആൻറ് പവർ കമ്മീഷന്റെ ആളുകളെയും വരുത്തി പരിശോധിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly